SUPRABHATHAM - 03-12-2024

# യൂറോപ്യൻ യൂനിയൻ പ്രതിനിധികൾ കൊച്ചി ഐ.സി.എ.ആർ- സിഫ്റ്റ് സന്ദർശിച്ചു

**മട്ടാഞ്ചേരി** ▸ യൂറോപ്യൻ യൂനിയൻ പ്രതിനിധി സംഘം കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റ് സന്ദർശിച്ചു. യൂറോപ്യൻ യൂനിയൻ റിസർച്ച് ആൻഡ് ഇന്നൊവേഷൻ കൗൺസിലറുടെ പ്രാദേശിക സന്ദർശനത്തിൻ്റെ ഭാഗമായിട്ടാണ് സന്ദർശനം നടത്തിയത്.

ഇന്ത്യയിലെ യൂറോപ്യൻ യൂനിയൻ പ്രതിനിധി സംഘത്തിന്റെ മുഖ്യകൗൺസിലറും റിസർച്ച് ആൻഡ് ഇന്നൊവേഷൻ മേധാവിയുമായ പിയറിക് ഫിലിയൻ അഷിദയുടെ നേതൃത്വത്തിലാണ് പ്രതിനിധി സംഘം സിഫ്റ്റ് സന്ദർശിച്ചത്.



യൂറോപ്യൻ യൂനിയൻ പ്രതിനിധികൾ സിഫ്റ്റ് സന്ദർശിച്ചപ്പോൾ

ഇന്ത്യയിലെ യൂറോപ്യൻ യൂനിയൻ ഡെലിഗേഷൻ റിസർച്ച് ആൻഡ് ഇന്നൊവേഷൻ അഡ്വൈസർ ഡോ. വിവേക് ധാമും മറ്റ് ഏഴ് അംഗരാജ്യങ്ങളിൽനിന്നുള്ള യൂറോപ്യൻ യൂനിയൻ പ്രതിനിധി സംഘവും സന്ദർശന സംഘത്തിലുണ്ടായിരുന്നു.

സിഫ്റ്റ് ഡയരക്ടർ ഡോ. ജോർജ് നൈനാന്റെ നേതൃത്വത്തിൽ സംഘത്തെ സ്വീകരിച്ചു.

കൊച്ചി സിഫ്റ്റിൽ നടക്കുന്ന അത്യാധുനിക ഗവേഷണങ്ങളും സാങ്കേതികവിദ്യകളും അടുത്തറിയുക, യൂറോപ്യൻ യൂനിയൻ, അംഗരാജ്യങ്ങൾ, മുൻനിര ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിൽ നവീന ശാസ്ത്രസാങ്കേതിക മേഖലകളിൽ ഗവേഷണ പങ്കാളിത്തം വളർത്തുക എന്നിവയാണ് സന്ദർശനത്തിൻ്റെ പ്രാഥമിക ലക്ഷ്യം.